"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ - കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 'സ്കൂൾ സയൻസ് ലാബ്' പദ്ധതി - സർക്കാർ സ്കൂളിനോടൊപ്പം എയ്ഡഡ് സ്കൂളുകളിലേയ്ക്കും ഉപകരണങ്ങൾ വാങ്ങി നൽകാൻ ഉപാധിയോടെ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.4/2020/LSGD തീയതി,തിരുവനന്തപുരം, 01/01/2020

---

പരാമർശം:- 1 കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2019-ലെ കത്ത്

2 06.12.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.26-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളിലായി സർക്കാർ എയ്ഡഡ് വിഭാഗത്തിലെ 17 യു.പി. സ്കൂളുകളിൽ സയൻസ് ലാബ് ഒരുക്കുന്നതിനുവേണ്ടി, നടപ്പ് വർഷം ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച 'സ്കൂൾ സയൻസ് ലാബ്' എന്ന പദ്ധതിയിൽ കെട്ടിട സൗകര്യമൊരുക്കിത്തരുന്ന മുറയ്ക്ക് ലാബിന് വേണ്ടിയുള്ള ഉപകരണങ്ങൾ വാങ്ങി നൽകാൻ ലക്ഷ്യമിടുന്നു. സർക്കാർ സ്കൂളുകളിലേയ്ക്ക് മാത്രം ഉപകരണങ്ങൾ വാങ്ങി നൽകാനാണ് നൂതന പ്രോജക്റ്റിനുള്ള ജില്ലാതല സമിതി അനുമതി നൽകിയത് എന്നതിനാൽ സർക്കാർ സ്കൂളിനോടൊപ്പം എയ്ഡഡ് സ്കൂളുകളിലേയ്ക്കും ഉപകരണങ്ങൾ വാങ്ങി നൽകാൻ അനുമതി തേടി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ 06.12.2019-ലെ കോഓർഡിനേഷൻ സമിതി പരിഗണിക്കുകയുണ്ടായി. മുഴുവൻ സർക്കാർ യു.പി. സ്കൂളുകൾക്കും സയൻസ് ലാബ് ഒരുക്കി നൽകിയതിനുശേഷം എയ്ഡഡ് സ്കൂളിനു കൂടി നല്കാൻ പരാമർശം (2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി അനുമതി നൽകിയിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പ് വർഷം ആവിഷ്കരിച്ച 'സ്കൂൾ സയൻസ് ലാബ്' പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മുഴുവൻ സർക്കാർ യു.പി. സ്കൂളുകൾക്കും സയൻസ് ലാബ് ഒരുക്കി നൽകിയതിനുശേഷം എയ്ഡഡ് സ്കൂളിനു കൂടി സയൻസ് ലാബ് ഒരുക്കി നല്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEKALA T.P.

UNDER SECRETARY

പകർപ്പ്:പ്രസിഡണ്ട്/സെക്രട്ടറി, കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത്,കോഴിക്കോട്

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.[illegible] 13:38:29 IST
Reason: Approved

സെക്ഷൻ ഓഫീസർ